പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2315

08/07/2015 -ൽ
മറുപടിയ്ക്ക്

**ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി. ക്കു വിട്ട നടപടി**

ചോദ്യം

ശ്രീ. ജി. സുധാകരൻ
ശ്രീ. ബി. സത്യൻ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) ദേവസ്വം ബോർഡിൻെറ കീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം പി.എസ്.സി. ക്കു വിട്ട മുൻ സർക്കാരിൻെറ നിയമം റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കുമോ; | എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെ കുറിച്ച് അന്വേഷിക്കുവാൻ 2007 -ൽ ബഹു. ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻെറ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് വേണമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25/08/2008 -ലെ വിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യവും സർക്കാർ പരിഗണിച്ചിരുന്നു. ഇതിൻെറയെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്ത് ഏകീകൃത ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചത്. |
| ബി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനു മുമ്പ് എച്ച്.ആർ. ആൻറ് സി.ഇ. ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തിയിരുന്നതിൽ എന്തെങ്കിലും നിയമ തടസ്സമോ പോരായ്മയോ ഉണ്ടായിരു ന്നുവോ; | ബി) സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| സി) | ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് രൂപീകരിച്ച് ഉത്തരവിറക്കിയോ; എങ്കിൽ അതിൻെറ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | സി) | 13/03/2015-ലെ സ.ഉ.(പി)നം. 104/2015/ആർഡി (എസ്.ആർ.ഒ. 125/2015) നോട്ടിഫിക്കേഷൻ അനുസരിച്ച് ചെയർമാനെയും അംഗങ്ങളെയും നാമനിർദ്ദേശം ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ഡി) | ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് മുഖേനയുള്ള നിയമനത്തിനുവേണ്ട സ്പെഷ്യൽ റൂൾസ് രൂപീകരിച്ചോ; അതിൻെറ പകർപ്പ് ലഭ്യമാക്കുമോ? | ഡി) | റൂൾസ് രൂപീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**